LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹയർ സെക്കണ്ടറി മേഖലയിലെ നിലവിലുള്ള അവസ്ഥ പഠിക്കാൻ എസ്.സി.ഇ.ആർ.ടി. ഒരു സിസ്റ്റം സ്റ്റാറ്റസ്സ്റ്റഡി നടത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഡോ. സുകുമാരൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായതിന് ശേഷമേ ഇതിൽ തീരുമാനമാവുകയുള്ളു.

**ഗതാഗത ഇൻഫ്രാസ്ട്രക്ചർ നിയമം**

**9 (*249)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനുവേണ്ടി ഗതാഗത ഇൻഫ്രാസ്ട്രക്ചർ നിയമം കൊണ്ട് വരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) നിയമത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-ഡി) പൊതുമരാമത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 ഡിസംബർ 6,7,8 തീയതികളിൽ കൊച്ചിയിൽ വച്ചുനടന്ന ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസിൽ സംസ്ഥാനത്തെ ഗതാഗത അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമാക്കി ഒരു ഇൻഫ്രാസ്ട്രക്ചർ ആക്ട് തയ്യാറാക്കണമെന്ന ശുപാർശ ഉയർന്നുവരികയുണ്ടായി. ഈ നിർദ്ദേശം പരിശോധിച്ച് ഉചിതമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഇൻഫ്രാസ്ട്രക്ചർ ആക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിലുള്ള കാലതാമസം**

**10 (*250)** ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തി നൽകുന്നതിന് കാലതാമസം നേരിടുന്നതായി പരാതികളുള്ള സാഹചര്യത്തിൽ തെറ്റുവന്ന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി തിരുത്തി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ;